# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: T 3153 — 21.06. 2013 -ൽ മറുപടിയ്ക്ക്

## സ്കൂൾ പരിസരത്തെ പാൻമസാല വിൽപ്പന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) പാൻമസാലയും ഗുഡ്കയും പോലുള്ള ലഹരി വസ്തുക്കൾ സ്കൂൾ പരിസരത്ത് വിൽക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു ;<br><br>(ബി) ആയതു സംബന്ധിച്ചുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (എ) & (ബി) | 24-11-2011-ലെ 34591/ആർഡി3/11/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പാൻമസാല തുടങ്ങി ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ സ്കൂൾ പരിസരത്ത് വിൽക്കുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അദ്ധ്യാപകരുടേയും, അദ്ധ്യാപക -രക്ഷാകർതൃ സംഘടനകളുടേയും പോലീസിന്റേയും സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, സ്കൂൾ ഹെഡ് മാസ്റ്റർ/ പ്രിൻസിപ്പലും, പഞ്ചായത്ത് മെമ്പർമാരും, പി.റ്റി.എ കമ്മിറ്റി അംഗങ്ങളും ചേർന്ന് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ഈ കമ്മിറ്റി പോലീസ്, പഞ്ചായത്ത്, ആരോഗ്യം , എക്സൈസ് എന്നീ വകുപ്പുകളുമായി യോജിച്ച് വില്പന നടത്തുന്ന ലഹരി വസ്തുക്കൾ പിടിച്ചെടുത്ത് നശിപ്പിക്കുകയും വിൽപ്പനക്കാർക്ക് താക്കീത് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ, ഇത്തരം ലഹരി വസ്തുക്കളുടെ വില്പനയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള അകലം 400 മീറ്ററായി നിഷ്കർഷിച്ചുകൊണ്ട് 17-05-2012-ലെ സ. ഉ (കൈ) നം. 133/12/തസ്വഭവ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ